2012-17 കാലയളവിൽ പരമാവധി 200 ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ ഉദ്ദേശം 11.50 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും 7 ലക്ഷത്തോളം ആളുകൾക്ക് ശുചിത്വ സൗകര്യങ്ങളും ഒരുക്കുവാനാണ് ജലനിധിയുടെ രണ്ടാംഘട്ട ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കുടിവെള്ള വിതരണത്തോടൊപ്പം പദ്ധതി പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഗ്രാമീണ ജനതയെ സജ്ജമാക്കുക എന്ന സവിശേഷതയും ജലനിധി പദ്ധതിക്കുണ്ട്.

(സി) നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. പദ്ധതികളുടെ പണികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിന് വേണ്ട പണികളുടെ വിവിധ ഘട്ടങ്ങളുടെ അവസ്ഥകൾ PASK (Project Status Alert System of Kerala Water Authority) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ കീഴ്ഘടകങ്ങളിൽ നൽകി പദ്ധതിയുടെ പൂർത്തീകരണം സുഗമമാക്കാൻ സാധിക്കുന്നുണ്ട്. ഇത് കൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്യുവരുന്നു.

കൊല്ലം ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി

161 (4964) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം വാട്ടർ കണക്ഷൻ എടുക്കുന്നതിലേയ്ക്ക് കൊല്ലം ജില്ലയിൽനിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ നാളിതുവരെ എത്രപേർക്ക് കണക്ഷൻ നൽകിയിട്ടുണ്ട് ;

(സി) ഈ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുവാനാണ് ഉദ്ദേശിച്ചിരുന്നത് ; ഇതിൽ എത്ര ശതമാനം കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയെന്ന് അറിയിക്കാമോ ;

(ഡി) ശേഷിക്കുന്ന കുടുംബങ്ങൾക്ക് എന്നത്തേയ്ക്ക് കണക്ഷൻ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 9241 അപേക്ഷകൾ ലഭിച്ചിരുന്നു.

(ബി) നാളിതുവരെ 3555 പേർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) 51921 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഇതിൽ ഏകദേശം 7% കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(ഡി) ശേഷിക്കുന്ന കുടുംബങ്ങൾക്ക് 2016 ഡിസംബറോടുകൂടി കണക്ഷൻ ലഭ്യമാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

കൊച്ചി നഗരത്തിലെ കുടിവെള്ളക്ഷാമം

162 (4965) ശ്രീ. എസ്. ശർമ്മ :
ശ്രീ. സാജു പോൾ :
ശ്രീ. ബി. ഡി. ദേവസ്സി :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനായി 2013-14 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ജെ.ഐ.സി.എ. സഹായത്തോടെയുള്ള 1000 കോടി രൂപയുടെ ശുദ്ധജല വിതരണ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ ;

(ബി) പദ്ധതി എപ്പോൾ പൂർത്തീകരിക്കുമെന്ന് പറയാമോ ;

(സി) കൊച്ചിയിലെ സമഗ്ര കുടിവെള്ള പദ്ധതിക്കായി കഴിഞ്ഞ വർഷം ബജറ്റിൽ നീക്കിവച്ചിരുന്ന തുകയും ചെലവഴിച്ച തുകയും അറിയിക്കാമോ ?

ഉത്തരം

(എ) 940.90 കോടി രൂപയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ പ്രസക്തഭാഗം (സമ്മറി ഓഫ് പ്രൊപ്പോസൽ) സംസ്ഥാന പ്ലാനിംഗ് വകുപ്പ് മുഖേന കേന്ദ്രസർക്കാരിലേക്ക് അയച്ചുകൊടുക്കുകയും കേന്ദ്രസർക്കാർ നിർദ്ദേശിച്ചതനുസരിച്ച് പുതിയ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ 18-6-2015-ൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly